Website : www.keralapsc.gov.in Email : roklm.psc@kerala.gov.in
Telephone : 0474-2745674

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## മേഖലാ ആഫീസ്, കൊല്ലം

കൊല്ലം

No. KLR I(1) 1535/2004 തീയതി 04.03.2022

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ആഫീസ് സമുച്ചയ നിർമ്മാണത്തിനായി അനുവദിച്ച നൽകിയ കന്റോൺമെന്റ് റോഡിൽ മുണ്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് 149 ൽ റീസർവ്വേ നമ്പർ 14 ൽ പ്പെട്ട 16.20 ആർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന (കൊല്ലം DCC ആഫീസിനു പിറകിലായും ഇലക്ഷൻ കമ്മീഷൻ ഗോഡൗണിനു മുന്നിലായും) തെക്കു പടിഞ്ഞാറു ഭാഗത്തായുള്ള വലിയ ഒരു മഴമരം, DCC ആഫീസിനോടു ചേർന്ന കിഴക്കു ഭാഗത്തുള്ള ഇടത്തരം മരം, തെക്കു കിഴക്കേ ഭാഗത്തായുള്ള ചെറിയ തൊണ്ടിമരം, ആഞ്ഞിലിമരം, മധ്യഭാഗത്ത് കിഴക്കായി വരുന്ന വലിയ മഴമരം, മറ്റു ചെറുമരങ്ങൾ എന്നിവ മുറിച്ച് മാറ്റി, ടി മരങ്ങളുടെ വേരുൾപ്പടെ മരക്കുറ്റികളും ഭൂമിയിൽ നിന്നും പിഴുതു മാറ്റി ആയവയും വിറകും തടിയും ഉൾപ്പെടെ ലഭിക്കുന്ന പരമാവധി വില ഒടുക്കി ടി സ്ഥലത്ത് നിന്ന് നീക്കം ചെയ്യുന്നതിനും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

<u>നിബന്ധനകൾ :-</u>

| | |
|---|---|
| 1 | ടി പ്രവർത്തി നടത്തുവാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ടി വളപ്പിൽ വന്ന് ആയവ പരിശോധിക്കാവുന്നതാണ്. |
| 2 | ടി പ്രവർത്തി നടത്തുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ 'മേഖലാ ആഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മേഖലാ ആഫീസ്, കൊല്ലം' എന്ന വിലാസത്തിൽ **14.03.2022** തീയതി **1pm** ന് നകം ഈ ആഫീസിൽ ലഭിക്കത്തവിധം നേരിട്ടോ തപാൽ മുഖേനെയോ അയയ്ക്കേണ്ടതാണ്. |
| 3 | ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനു മുകളിൽ 'മരങ്ങൾ മുറിച്ച മാറ്റി വേരുൾപ്പടെ മരക്കുറ്റികൾ പിഴുതുമാറ്റുന്നതിനുള്ള പ്രവർത്തിക്കും മരവിലയ്ക്കും ഉള്ള ക്വട്ടേഷൻ' എന്ന പ്രത്യേകം എഴുതിയിരിക്കണം.<br>താഴെപ്പറയുന്ന രണ്ട് ഇനങ്ങളിലുള്ള ക്വട്ടേഷനുകളാണ് ലഭിക്കേണ്ടത്<br>**(A)** മരങ്ങൾ മുറിയ്ക്കുന്നതിനും ടി മരങ്ങളുടെ വേരുൾപ്പടെ മരക്കുറ്റികൾ പിഴുതു മാറ്റുന്നതിനുമുള്ള പ്രവൃത്തിയ്ക്കുള്ള തുക.<br>**(B)** മുറിച്ച മാറ്റിയ മരങ്ങളുടെ വിറക് വില ഉൾപ്പെടെ ഈ ആഫീസിലേയ്ക്ക് അടയ്ക്കാവുന്ന മര വില.<br>(ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന മര വിലയ്ക്ക് 18% GST കൂടി അടയ്ക്കേണ്ടതാണ്.) |

| | |
|---|---|
| 4 | 14.03.2022 തീയതി 3 pm ന് ക്വട്ടേഷനുകൾ തുറക്കുന്നതും മുകളിൽ ഇനം (3) ൽ **(B)** യിൽ Quote ചെയ്യുന്ന തുക **(A)** യിൽ Quote ചെയ്ത തുകയെക്കാൾ കൂടുതലാണെങ്കിൽ ടി തുകകളുടെ വ്യത്യാസമായി ഈ ആഫീസിലേയ്ക്ക് ലഭിക്കേണ്ട തുക "ഏറ്റവും കൂടുതൽ Quote ചെയ്ത" വ്യക്തിയ്ക്ക് ഉറപ്പിക്കുന്നതാണ്.<br>എന്നാൽ **(B)** യിൽ Quote ചെയ്ത തുക **(A)** യിൽ Quote ചെയ്ത തുകയെക്കാൾ കുറവാണെങ്കിൽ ടി തുകകളുടെ വ്യത്യാസമായി ക്വട്ടേഷൻ നേടുന്ന വ്യക്തിയ്ക്ക് ലഭിക്കേണ്ട "എറ്റവും കുറഞ്ഞ തുക" രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയ്ക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. |
| 5 | അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി **(B)** യിലെ മരവിലയായി Quote ചെയ്ത തുകയും 18% GST തുകയും ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും നോട്ടീസ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ തന്നെ ടി മരങ്ങൾ മുറിച്ച് വേരുൾപ്പെടെ മരക്കുറ്റികളും പിഴുതുമാറ്റി ആയവ ടി വളപ്പിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. |
| 6 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലി നോക്കുന്നവർ ക്വട്ടേഷൻ നടപടികളിൽ പങ്കാളികളാവാൻ പാടില്ല. |
| 7 | കാരണം ഒന്നും കൂടാതെ തന്നെ ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർ വ്വീസ് കമ്മീഷൻ കൊല്ലം മേഖലാ ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതും മേഖലാ ആഫീസറുടെ തീരുമാനം അന്തിമ മായിരിക്കുന്നതുമാണ്. |
| 8 | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ 14.03.2022 തീയതിയിൽ ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാന തീയതിയായി കണക്കാക്കുന്നതായിരിക്കും. |
| 9 | കൂടുതൽ വിവരങ്ങൾക്ക് 9656434311, 9447588291, 9562376981 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. |

Sd/-
മേഖലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
മേഖലാ ആഫീസ്, കൊല്ലം